ENTRI

Trusted by 1 crore students

# CURRENT AFFAIRS 16 JAN 2024




**ദേശീയ സ്റ്റാർട്ടപ്പ് ദിനം**
ജനുവരി 16

---

**2024 ജനുവരി 16 ന് മഹാകവി കുമാരനാശാന്റെ എത്രാമത് ചരമവാർഷികമാണ് ആചരിക്കുന്നത്**
100-ാമത് ചരമവാർഷികം

- 1924 ജനുവരി 16 ന് പുലർച്ചെ ആലപ്പുഴയിലെ പല്ലനയാറ്റിലുണ്ടായ ബോട്ടപകടത്തിലാണ് കുമാരനാശാൻ മരണമടഞ്ഞത്.


കുമാരനാശാൻ

---

**2023-24 സ്പാനിഷ് സൂപ്പർ കപ്പ് കിരീട ജേതാക്കൾ**
റയൽ മാഡ്രിഡ്

- ഫൈനലിൽ ബാഴ്സലോണയെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് റയൽ മാഡ്രിഡ് കിരീടം കരസ്ഥമാക്കിയത്.
- 13-ാം തവണയാണ് റയൽ മാഡ്രിഡ് സൂപ്പർ കപ്പ് നേടുന്നത്.



---

**2024 ജനുവരിയിൽ അന്തരിച്ച പ്രശസ്ത മലയാള ചലച്ചിത്ര സംഗീത സംവിധായകൻ**
കെ.ജെ. ജോയ്


കെ.ജെ. ജോയ്

---

**2024 ജനുവരിയിൽ അന്തരിച്ച കോൺഗ്രസ് നേതാവും കേരളത്തിന്റെ മുൻ മന്ത്രിയുമായ വ്യക്തി**
ടി.എച്ച്. മുസ്തഫ

- കെ കരുണാകരൻ മുഖ്യമന്ത്രിയായിരിക്കെ 1991 മുതൽ 1995 വരെയുള്ള കാലയളവിൽ ഭക്ഷ്യമന്ത്രിയായിരുന്നു ടി.എച്ച്. മുസ്തഫ.


ടി.എച്ച്. മുസ്തഫ

---

**ചെറുകിടകർഷകർക്കും കാർഷികമേഖലയിലെ സംരംഭകർക്കും കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ അവലംബിച്ച് കൃഷിയിലും അനുബന്ധമേഖലയിലും നിക്ഷേപം നടത്താൻ സഹായിക്കുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതി**
കേര

- ലോകബാങ്ക് സഹായത്തോടെയാണ് കേരള കാർഷിക-കാലാവസ്ഥാപ്രതിരോധ-മൂല്യവർധിത ശൃംഖല നവീകരണപദ്ധതി (കേര) നടപ്പാക്കുന്നത്.
- കൃഷിയിലെ കാലാവസ്ഥാപ്രതിരോധവും ലഘൂകരണവും, ചെറുകിടകർഷകരുടെ ഉത്പന്നവിപണനം വർധിപ്പിക്കൽ എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.